## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4362    28.6.2012 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

### ഇടിമിന്നലേറ്റ് മരണപ്പെട്ടവർക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇടിമിന്നലേറ്റ് എത്ര പേർ മരണപ്പെട്ടിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ ; | (എ) 38 പേർ മരണപ്പെട്ടിട്ടുണ്ട് |
| (ബി) ഇടിമിന്നലേറ്റ് മരിച്ചവരുടെ ആശ്രിതർക്ക് എത്ര രൂപയാണ് ആശ്വാസ ധനസഹായമായി നൽകി വരുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) ഇടിമിന്നലേറ്റ് മരിച്ചവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരു ലക്ഷം രൂപ വരെ ധനസഹായമായി നൽകി വരുന്നു. |
| (സി) ഇടിമിന്നൽ ഏൽക്കുന്നതു തടയുന്നതിന്റെ ഭാഗമായി ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനു് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ? | (സി) ഉണ്ട്. ഇടിമിന്നൽ ആകസ്മികമായി ഉണ്ടാകുന്ന പ്രതിഭാസമായതുകൊണ്ട് പ്രാദേശികമായ മുൻകരുതലുകൾ നൽകുക ശാസ്ത്രീയമായി സാദ്ധ്യമല്ല. എന്നാലിവയിൽ നിന്നും വ്യക്തി പരമായി എങ്ങനെ രക്ഷ നേടാം എന്നതിനെ സംബന്ധിച്ച് ബോധവൽക്കരണം നടത്തി വരുന്നു. ഇതിനായി 'ഇടിമിന്നൽ സുരക്ഷാ മാർഗ്ഗ രേഖ' എന്ന ലഘുലേഖ പ്രസിദ്ധീകരിച്ച് വില്ലേജാഫീസുകൾ വഴി ബോധവൽക്കരണത്തിനുള്ള നടപടി സ്വീകരിച്ചിരുന്നു. പ്രകൃതിദുരന്ത നിവാരണ വകുപ്പും മലയാള മനോരമയും ചേർന്ന് നടത്തി വരുന്ന പ്രകൃതി ദുരന്തങ്ങളെപ്പറ്റിയുള്ള ബോധ വൽക്കരണ പരിപാടികളിൽ ഇടിമിന്ന ലിനെപ്പറ്റിയുള്ള ബോധ വൽക്കരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.